പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 304 | 13/10/2011 - ൽ മറുപടിക്ക്

## കള്ളനോട്ട് തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു എം.പാലിശ്ശേരി<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, എ. എം. ആരിഫ്<br>,, ബി. സത്യൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കള്ളനോട്ടുകളുടെ നിർമ്മാണവും വിതരണവും സംസ്ഥാനത്ത് കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കള്ളനോട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി ; | (ബി) 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (സി) കള്ളനോട്ട് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | (സി) കള്ളനോട്ട് നിർമ്മാണവും, വ്യാപനവും തടയുന്നതിനായി ലോക്കൽ പോലീസും, രഹസ്യാന്വേഷണ വിഭാഗവും ക്രൈം ബ്രാഞ്ച് വിഭാഗവും ശക്തവും, ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. കള്ളനോട്ട് നിർമ്മാണം തടയുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ക്രൈം ബ്രാഞ്ചിന്കീഴിൽ ഓർഗനൈസ്ഡ് ക്രൈം വിംഗുകൾ രൂപീകരിച്ചിട്ടുണ്ട്. സംശയാസ്പദമായ സ്ഥാപനങ്ങൾ റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, കടകൾ എന്നിവിടങ്ങളിൽ ആകസ്മികമായ റെയ്ഡുകൾ നടത്തിയും കള്ളനോട്ട് നിർമ്മാണവും, |

വ്യാപനവും, ആയതിന്റെ ഉറവിടവും കണ്ടെത്തി ഫലപ്രദമായി തടയുന്നതിന് കഴിയുന്നുണ്ട്. കൂടാതെ അന്യ ട്ടുകൾ വ്യാപിക്കുന്നുണ്ടോ യെന്നും അന്വേഷിച്ചു വരുന്നു.

ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 6.7.2011 ന് ചേർന്ന സംസ്ഥാന പോലീസ്, ഇന്റലിജൻസ് ബ്യൂറോ, റവന്യൂ ഇന്റലിജൻസ്,കസ്റ്റംസ്,റിസർവ് ബാങ്ക് പ്രതിനിധികൾ പങ്കെടുത്ത State Level Committee on Counterfeit Notes (SLCCN) എല്ലാ ബാങ്കുകളുടേയും എയർപോർട്ട് ബ്രാഞ്ചുകളിൽ നോട്ട് സോർട്ടിംഗ് മെഷീനുകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നല്കുവാനും, കള്ള നോട്ടു കേസ്സുകളിൽ കടുത്ത ശിക്ഷ ലഭിക്കത്തക്കവിധത്തിൽ നിയമ നിർമാണം നടത്തുവാൻ കേന്ദ്ര ആഭ്യന്തര, ധനകാര്യമന്ത്രാലയങ്ങൾക്ക് ശുപാർശ നൽകുവാനും തീരുമാനിച്ചു കൂടാതെ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ പ്രതിനിധികളെ കൂടി പങ്കെടുപ്പിച്ച് കൊണ്ട് ഒരു പ്രത്യേക യോഗം നടത്തുവാനും തീരുമാനിക്കുക യുണ്ടായി.

സെക്ഷൻ ഓഫീസർ